## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2534 — 21/06/2012 ൽ മറുപടിക്ക്

## സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>'' വി. ശശി:<br>'' കെ. അജിത് :<br>'' കെ. രാജു : | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് ഏതെല്ലാം സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | എ) | സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗത്തിൽപെടുന്ന ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നൽകുന്നത്. |
| ബി) | പുതിയ അദ്ധ്യയനവർഷത്തേയ്ക്ക് എത്ര കുട്ടികൾക്ക് യൂണിഫോം നൽകി, ഇനി എത്ര കുട്ടികൾക്ക് കൂടി നൽകാനുണ്ട്; | ബി) | പുതിയ അധ്യയനവർഷത്തിൽ ആകെയുള്ള 9,37,901 അർഹതപ്പെട്ട കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകാൻ കേന്ദ്രമാനവ വിഭവ ശേഷി വികസന മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. ഒരു കുട്ടിക്ക് 400/- രൂപാ വീതം നൽകാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. യൂണിഫോം വിതരണം ചെയ്ത കണക്ക് ജില്ലകളിൽ നിന്നും ലഭിച്ചിട്ടില്ല. കൃത്യമായ കണക്ക് ശേഖരിച്ചു വരുന്നു. |
| സി) | വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകം വിതരണം നടത്തിവന്ന പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ നിറുത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ? | സി) | പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ